കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്താൻ നടപടി

96 (1677) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ആവശ്യം എപ്പോൾ നടപ്പിലാക്കും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

കെപ്കോയുടെ കോഴിയിറച്ചി വിൽപ്പനശാലകൾ

97 (1681) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കെപ്കോയുടെ എത്ര കോഴിയിറച്ചി വില്പനശാലകൾ നിലവിലുണ്ട് ; ഈ വർഷത്തിൽ നവംബർ അവസാനംവരെ ഇവയിലൂടെ എത്ര രൂപയുടെ വിറ്റുവരവുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിലൂടെ വിതരണം ചെയ്യുന്ന ഇറച്ചിയിൽ ഹോർമോൺ കുത്തിവയ്ക്കൽ പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതാണോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) കെപ്കോയ്ക്ക് കേരളത്തിൽ എത്ര സഞ്ചരിക്കുന്ന സ്റ്റാളുകൾ ഉണ്ട് ; ഇല്ലെങ്കിൽ ഇത് ആരംഭിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 4 വിൽപ്പനശാലകൾ നിലവിലുണ്ട്. ഈ വർഷം നവംബർ അവസാനം വരെ ഈ വിൽപ്പന ശാലകളിലൂടെ 3.78 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്.

(ബി) കെപ്കോ സ്വന്തമായിട്ടാണ് ഇറച്ചിക്കോഴികളെ ഉൽപ്പാദിപ്പിക്കുന്നത്. ഈ കോഴികളിൽ ഹോർമോൺ കുത്തിവയ്ക്കാറില്ല. ആയതിനാൽ കോഴിയിറച്ചിയിൽ ഹോർമോണിന്റെ അംശംപോലും ഉണ്ടാകില്ല.

(സി) ഇപ്പോൾ രണ്ട് സഞ്ചരിക്കുന്ന വിൽപ്പനശാലകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly